പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 156

30.11.2015-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതിക്ക് ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെയുള്ള ഭവനരഹിതർ എത്രയാണെന്നത് സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് ലഭ്യമാണോ; എങ്കിൽ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013- ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങൾ ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയിലും 2011-12, 12-13, 13-14, 14-15 വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിലും ഏജൻസികളിലുമായി എത്ര പേരുടെ അപേക്ഷകൾ ഭവന നിർമ്മാണ സഹായത്തിനായി ലഭിച്ചു എന്നും ഓരോ വർഷവും എത്രപേർക്ക് ധനസഹായം നൽകി എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ? | (സി) | വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ വകുപ്പ് മുഖേന താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) ഗൃഹശ്രീ ഭവന പദ്ധതി

(2) സാഫല്യം ഭവന പദ്ധതി

(3) ഇന്നൊവേറ്റീവ് ഭവന പദ്ധതി

(4) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

(5) കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി - ഘട്ടം 1

(6) വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി

## 2011-12, 2012-13, 2013-14, 14-15 വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

### 1. ഗൃഹശ്രീ ഭവന പദ്ധതി

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2013-14 | 1050 | 1050 | 1050 |
| 2014-15 | 1419 | 1081 | 1059 |
| 2015-16 | 1081 | 0 | 458 |

### 2. സാഫല്യം ഭവന പദ്ധതി

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 100 | 100 | 309.85 |
| 2012-13 | ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല | | |
| 2013-14 | 500 | 500 | 0 |
| 2014-15 | 1000 | 0 | 0 |
| 2015-16 | 500 | 0 | 0 |

### 3. ഇന്നൊവേറ്റീവ് ഭവന പദ്ധതി

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 (കട്ടനെല്ലൂർ ഫേസ് 2 & കോഴിക്കോട് ഫേസ് 1 പദ്ധതികൾ) | 400 | 400 | 284.78 |
| 2012-13 (കട്ടനെല്ലൂർ ഫേസ് 3& കോഴിക്കോട് ഫേസ് 2 പദ്ധതികൾ) | 400 | 382.49 | 177.71 |
| 2013-14 (പൂജപ്പുര ഫേസ് 3 പദ്ധതി) | 300 | 118.51 | 95.74 |
| 2014-15 (പൂജപ്പുര ഫേസ് 4 പദ്ധതി) | 400 | 400 | 24.47 |

### 4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതികൾ

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 (ദേവികുളം ഫേസ് 1 & കാസർഗോഡ് ഫേസ് 1 പദ്ധതികൾ) | 400 | 200 | 0 |
| 2012-13 (ദേവികുളം ഫേസ് 2& കാസർഗോഡ് ഫേസ് 2 പദ്ധതികൾ) | 400 | 400 | 383.14 |
| 2013-14 (ദേവികുളം ഫേസ് 3& കാസർഗോഡ് ഫേസ് 3& കട്ടനെല്ലൂർ പദ്ധതികൾ) | 600 | 420 | 424.99 |

### 5. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി -ഘട്ടം 1

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2011-12 | 15 കോടി രൂപ | 1308 ലക്ഷം രൂപ | 1267 ലക്ഷം രൂപ |

6. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതികൾ (സംസ്ഥാന സർക്കാർ വിഹിതം)

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2012-13<br>(കട്ടപ്പന, കോഴിക്കോട് മുട്ടം<br>(additional block പദ്ധതികൾ) | 350 | 350 | 793.07 |
| 2013-14<br>(NCC നഗർ, ഇടപ്പള്ളി, ചാലക്കുടി,<br>മുളംകുന്നത്തുകാവ് പദ്ധതികൾ) | 400 | 400 | 408.71 |
| 2014-15<br>(ജഗതി പദ്ധതി) | 400 | 0 | 0 |
| 2015-16<br>(മാഥൂർ, ഒറ്റപ്പാലം പദ്ധതികൾ) | 300 | 0 | 0 |

# അനുബന്ധം 2

ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 മുതൽ നടപ്പിലാക്കി വരുന്നതും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതുമായ ഏക പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതിയിൽ ആകെ 18491 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ധനസഹായം ലഭ്യമായവരുടെ 21.11.2015- തീയതി വരെയുള്ള കണക്ക് ചുവടെ ചേർക്കുന്നു.

2013-14-ലെ ബഡ്ജറ്റിൽ 10.50 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത വർഷം തെരഞ്ഞെടുത്ത 525 ഗുണഭോക്താക്കളിൽ 525 പേർക്ക് 1-ാം ഗഡുവും 517 പേർക്ക് 2-ാം ഗഡുവും 501 പേർക്ക് 3-ാം ഗഡുവും 485 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

2014-15 -ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14.19 കോടി രൂപയിൽ 10.81 കോടി രൂപ ഭവന നിർമ്മാണ ബോർഡിന് റിലീസ് ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം തെരഞ്ഞെടുത്ത 709 ഗുണഭോക്താക്കളിൽ 618 പേർക്ക് 1-ാം ഗഡുവും 546 പേർക്ക് 2-ാം ഗഡുവും 408 പേർക്ക് 3-ാം ഗഡുവും 202 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

2015-16-ൽ 10.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം അനുവദനീയമായ വീടുകൾക്കായി 830 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരിൽ 422 പേർക്ക് 1-ാം ഗഡുവും 205 പേർക്ക് 2-ാം ഗഡുവും 84 പേർക്ക് 3-ാം ഗഡുവും 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.